**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3258** **04-08-2021 - ൽ മറുപടിയ്ക്ക്**

**പോസ്റ്റ് കോവിഡ് സിൻഡ്രോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പോസ്റ്റ് കോവിഡ് സിൻഡ്രോം സംബന്ധിച്ച് ആരോഗ്യവകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇതുമൂലം കഷ്ടപ്പെടുന്നവരുടെ ചികിത്സക്ക് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | കോവിഡ് മുക്തരായ ജനങ്ങളിൽ മിക്കവരിലും നിസ്സാര ലക്ഷണങ്ങൾ മുതൽ ഗുരുതര സ്വഭാവമുള്ള രോഗങ്ങൾ വരെ പോസ്റ്റ് കോവിഡ് സിൻഡ്രോമായി പ്രത്യക്ഷപ്പെടുന്നുണ്ട്. ക്ഷീണവും കിതപ്പും മുതൽ മാരകമായ ഹൃദ്രോഗങ്ങൾ വരെ വിവിധ അവയവങ്ങളെ ബാധിക്കുന്ന രീതിയിൽ പോസ്റ്റ് കോവിഡ് രോഗങ്ങൾ കണ്ടു വരുന്നു. ഈ രോഗങ്ങൾ ചികിത്സിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെ സജ്ജീകരിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ ആശാ പ്രവർത്തകരുടെ സഹായത്തോടെ കോവിഡ് മുക്തരായവരെ അടുത്തുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ എത്തിച്ച് രജിസ്റ്റർ ചെയ്യുകയും നിസ്സാര രോഗലക്ഷണങ്ങൾക്ക് അവിടെത്തന്നെ ചികിത്സ ചെയ്യുകയും കൂടുതൽ ശ്രദ്ധ വേണ്ട രോഗികളെ താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും സജ്ജീകരിച്ചിട്ടുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. സംസ്ഥാനത്ത് ഇപ്പോൾ 1185 ക്ലിനിക്കുകൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രി വരെ പ്രവർത്തിച്ചു വരുന്നു. രണ്ടര ലക്ഷത്തോളം രോഗികൾ വിവിധ രോഗലക്ഷണവുമായി ഈ ക്ലിനിക്കുകൾ സന്ദർശിച്ചിട്ടുണ്ട്. ഈ ക്ലിനിക്കുകളുടെ സുഗമമായ നടത്തിപ്പിനായി ഡോക്ടർമാർക്കും അനുബന്ധ ജീവനക്കാർക്കും വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ച് കൃത്യമായി പ്രവർത്തിച്ചു വരുന്നു.ഡിസ്ചാർജ് ആകുന്ന കോവിഡ് രോഗികൾക്ക് വിശദമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞു കൊടുക്കുകയും രണ്ടാഴ്ചയാകുമ്പോൾ പോസ്റ്റ് കോവിഡ് |

| | | | |
|---|---|---|---|
| | | | ക്ലിനിക്കിലെത്തി ചെക്കപ്പ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുമുണ്ട്. ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും പോസ്റ്റ് കോവിഡ് ക്ലിനിക്കൽ ഒ.പി പ്രവർത്തിക്കുന്നുണ്ട്. പോസ്റ്റ് കോവിഡ് ഒ.പി.കളിൽ വരുന്ന രോഗികൾക്ക് എന്തെങ്കിലും സങ്കീർണ്ണമായ പ്രശ്നങ്ങൾ കണ്ടെത്തിയാൽ സ്പെഷ്യാലിറ്റി വിഭാഗത്തിന്റെ സഹായത്തോടെ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും പോസ്റ്റ് കോവിഡ് ചികിത്സയ്ക്കായി ഉപയോഗപ്പെടുത്തി വരുന്നു. |
| (ബി) | കോവിഡ് മൂന്നാം തരംഗം പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ ഇതിനായി കൂടുതൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | മൂന്നാം തരംഗത്തിന്റെ മുന്നോടിയായി നിലവിലെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ശാക്തീകരിക്കുന്നതിനും കുട്ടികൾക്കുണ്ടാകുന്ന പോസ്റ്റ് കോവിഡ് സിൻഡ്രോം നിരീക്ഷിക്കുന്നതിനും പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതിനായുള്ള പ്രത്യേക പരിശീലനം വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ രോഗികളെക്കുറിച്ചും രോഗ-ലക്ഷണങ്ങളെക്കുറിച്ചും പ്രത്യേക വിവര ശേഖരണവും പഠനവും നടത്തുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ